പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1583 — 11.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽനിന്നുള്ള അന്തരീക്ഷ മലിനീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.ക്ക് നിലവിൽ എത്ര ബസ്സുകൾ ഉണ്ട് ; ഇവയിൽ എത്രയെണ്ണത്തിന് കൃത്യമായ പൊല്യൂഷൻ സർട്ടിഫിക്കറ്റുണ്ട് ; | (എ) | കെ.എസ്.ആർ.ടി.സി.ക്ക് നിലവിൽ 5781 ബസ്സുകൾ ഉണ്ട്. 07.08.2017-ലെ കണക്കനുസരിച്ച് ഇതിൽ 5445 ബസുകൾക്ക് നിയമാനുസൃതമുള്ള മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റുകൾ (PUCC) ഉണ്ട്. ശേഷിച്ച 336 ബസുകളിൽ 121 എണ്ണം ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായും 158 എണ്ണം എഞ്ചിൻ മാറ്റുന്നതിനായും 57 എണ്ണം മേജർ റിപ്പയറിംഗിനായും മാറ്റിയിട്ടിരിക്കുകയാണ്. ഇവ സർവീസിന് യോഗ്യമാക്കുന്ന മുറയ്ക്ക് PUCC സർട്ടിഫിക്കറ്റ് എടുക്കുന്നതാണ്. |
| (ബി) | ചില കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നിന്ന് പുറത്തേക്ക് വമിക്കുന്ന പുക വൻതോതിൽ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്. ഇത്തരം ബസുകൾ ഉടൻ തന്നെ നിരത്തിൽ നിന്നും പിൻവലിച്ച്, അറ്റകുറ്റപ്പണികൾ നടത്തി പുകമലിനീകരണം നിയന്ത്രണവിധേയമാക്കിയതിനുശേഷം മാത്രമേ തുടർന്നു സർവീസിനു നല്കാറുള്ളൂ. കൂടാതെ എല്ലാ വാഹനങ്ങളും കേരളാ മോട്ടോർ വാഹന നിയമം അനുസരിച്ച് ആറുമാസത്തിലൊരിക്കൽ പുകമലിനീകരണ നിയന്ത്രണ പരിശോധനയ്ക്ക് (PUCC) വിധേയമാക്കിയാണ് സർവീസ് നടത്തിവരുന്നത്. |
| (സി) | ഇത് പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായതിനാൽ ശാശ്വത പരിഹാരത്തിന് സത്വര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ